I/109326/2023

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം– 695003, ഫോൺ/ഫാക്സ്2727379 ,2727378 0471 -
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ്– www.bcdd.kerala.gov.in

BCDIR/A3/323/2023 തീയതി :04-08-2023

## വിജ്ഞാപനം

**എറണാകുളം കാക്കനാട് പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ സർക്കാർ ധനസഹായത്തോടെ താമസിച്ച് പഠിക്കുന്നതിന് ഒ.ബി.സി/ഒ.ഇ.സി /ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥിനികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

എറണാകുളം നഗരത്തിലും പരിസര പ്രദേശത്തുമുള്ള സർക്കാർ/ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ/സർക്കാർ അംഗീകൃത സ്വകാര്യ സ്വാശ്രയ കോളേജുകൾ, സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവിടങ്ങളിൽ മെറിറ്റിലും റിസർവേഷനിലും പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പ്രവേശനം നേടിയ ഒ.ബി.സി/ഒ.ഇ.സി/ഒ.ബി.സി( എച്ച്) വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥിനികൾക്കായി എറണാകുളം കാക്കനാട് പോലീസ് സ്റ്റേഷന് സമീപം സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാന ഹൌസിംഗ് ബോർഡ് ബിൽഡിംഗിൽ ആരംഭിക്കുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലിലേക്ക് അഡ്മിഷന് അപേക്ഷ ക്ഷണിക്കുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പും കേരള സംസ്ഥാന ഹൌസിംഗ് ബോർഡുമായി സഹകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ള പ്രസ്തുത ഹോസ്റ്റലിൽ അഡ്മിഷൻ ലഭിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി, 19.08.2023.

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. അപേക്ഷകർ കേരളീയരായിരിക്കണം.
2. വിദ്യാർത്ഥിനികൾ മാത്രമാണ് നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.
3. അപേക്ഷകയുടെ സമുദായം സംസ്ഥാന OBC/OEC/OBC(H) പട്ടികയിൽ ഉൾപ്പെട്ടതായിരിക്കണം. (പട്ടിക അനുബന്ധം ആയി ചേർക്കുന്നു.)
4. കുടുംബ വാർഷിക വരുമാന പരിധി 8 ലക്ഷം രൂപ.
5. പരമാവധി 2.5 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന. കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 40 പേർക്കാണ് ഹോസ്റ്റലിൽ

അഡ്മിഷൻ നൽകുന്നത്.

6. താമസ സ്ഥലവും വിദ്യാഭ്യാസ സ്ഥാപനവും തമ്മിൽ 50 കിലോമീറ്ററിൽ കൂടുതൽ ദൂര വ്യത്യാസമുള്ളവർ, മാതാപിതാക്കൾക്ക് പെൺമക്കൾ മാത്രമുള്ള കുടുംബത്തിൽ നിന്നുള്ളവർ, മാതാവോ, പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

7. മുൻഗണനാ വിഭാഗങ്ങൾ ആയത് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി, ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം (എസ്.എസ്.എൽ.സി/നോൺ-ക്രീമീലെയർ), വരുമാന സർട്ടിഫിക്കറ്റ്, പ്രധാനാധ്യാപകനിൽ നിന്നുള്ള സാക്ഷ്യപത്രം (മാതൃക അനുബന്ധമായി ചേർക്കുന്നു), കോഴ്സ് ഐ.ഡി കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

9. ലഭ്യമാക്കിയിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ അഫീസിൽ നിന്നും വ്യക്തിഗത അറിയിപ്പ് നൽകുന്നതാണ്.

10. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസത്തിനും ഭക്ഷണത്തിനുമായി കേരള സ്റ്റേറ്റ് ഹൌസിങ് ബോർഡ് ചാർജ്ജ് ചെയ്യുന്ന പരമാവധി തുകയായ 5000/- രൂപയിൽ ഒ.ബി.സി വിഭാഗങ്ങൾക്ക് പരമാവധി 3000/- രൂപയും ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിഭാഗങ്ങൾക്ക് പരമാവധി 4500/- രൂപയും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നതാണ്.

11. കോഴ്സ് കാലാവധി അവസാനിക്കുന്നത് വരെയാണ് ഹോസ്റ്റലിൽ അഡ്മിഷൻ അനുവദിക്കുന്നത്.

12. പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും "മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം – 682030, ഫോൺ - 0484 2983130 എന്ന മേൽവിലാസത്തിൽ 19.08.2023 നകം ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ടി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

13. അവസാന തീയതിയ്ക്ക് ശേഷം ലഭ്യമാക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
ഡയറക്ടർ

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ, എറണാകുളം

<u>പകർപ്പ്</u>

I/109326/2023

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, KSHB, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം, പാലക്കാട്, കോഴിക്കോട് പി.വി.വി.വ
4. മാനേജർ, ഐ.ടി വിഭാഗം, പി.വി.വി.വ
5. നോട്ടീസ് ബോർഡ്
6. കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 04-08-2023 10:28:40
Reason: Approved

സീനിയർ സൂപ്രണ്ട്

ജില്ല : ............................................

ഫോട്ടോ

**കേരള സർക്കാർ**

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

# പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അഡ്മിഷനുള്ള അപേക്ഷാ ഫാറം

| | | | |
|---|---|---|---|
| 1 | അപേക്ഷകയുടെ പേര് | | |
| 2 | പിതാവിന്റെ/രക്ഷാ കർത്താവിന്റെ പേര് | | |
| 3 | a) സ്ഥിരം മേൽവിലാസം<br><br>ഫോൺ നമ്പർ : | b) ഇപ്പോഴത്തെ മേൽവിലാസം<br><br>മൊബൈൽ നമ്പർ : | |
| 4 | വയസ്സ്, ജനനതീയതി | | |
| 6 | എ) ജാതി ബി)മതം | എ) | ബി) |
| 7 | കുടുംബ വാർഷിക വരുമാനം | | |
| 9 | ആധാർ നമ്പർ | | |
| 11 | അപേക്ഷകയുടെ വില്ലേജ് | | |
| 12 | തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര്<br>(ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) | | |
| 13 | നിലവിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്, മേൽവിലാസം | ഫോൺ -<br>ഇമെയിൽ - | |
| 14 | പഠിക്കുന്ന കോഴ്സ് | | |
| 15 | അക്കാദമിക വർഷം (1st Year/2nd Year..etc) | | |
| 16 | കോഴ്സ് കാലയളവ് | | |
| 17 | പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും താമസ സ്ഥലത്തേക്കുള്ള ദൂരം (കി.മീ ൽ) | | |
| 18 | മാതാവോ പിതാവോ മരണപ്പെട്ടതാണോ? | അതെ/അല്ല<br>(അതെ എങ്കിൽ മരണ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്) | |

| | | |
|---|---|---|
| 19 | കുടുംബാംഗങ്ങളുടെ വിവരങ്ങൾ | സഹോദരന്മാരുടെ എണ്ണം -<br>സഹോദരിമാരുടെ എണ്ണം - |
| 20 | അപേക്ഷക ഭിന്നശേഷിയുള്ളയാളാണോ? | അതെ/അല്ല<br>(അതെ എങ്കിൽ ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്) |
| 25 | **അപേക്ഷകയുടെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ** (പാസ് ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം) | |
| എ) | അക്കൌണ്ട് നമ്പർ | |
| ബി) | ഐ.എഫ്.എസ്. കോഡ് | |
| ഡി) | ബാങ്കിന്റെ പേര് | |
| ഇ) | ബ്രാഞ്ചിന്റെ പേര് | |

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ/വകുപ്പുകളിൽ നിന്നും സമാന ആനുകൂല്യങ്ങളൊന്നും തന്നെ എനിക്ക് ലഭ്യമാകുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : അപേക്ഷകയുടെ പേരും, ഒപ്പും

==================================================================

## പ്രധാനാധ്യാപകൻ/സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം

അപേക്ഷക നിലവിൽ പഠനം നടത്തുന്ന കോഴ്സിന് മെറിറ്റ്/റിസർവേഷനിൽ പ്രവേശനം ലഭ്യാമായിട്ടുള്ളതാണെന്നും കോഴ്സുമായി ബന്ധപ്പെട്ട് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : (ആഫീസ് സീൽ) പ്രധാനാധ്യാപകന്റെ പേരും, ഒപ്പും

ഡെസിഗ്നേഷൻ സീൽ

## മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട്

തീയതി

സ്ഥലം (ആഫീസ് സീൽ) മേഖലാ ഡെപ്യൂട്ടിഡയറക്ടർ

==================================================================